**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1136** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിൽ ജലജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ പദ്ധതിമുഖേന പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിലായി എത്ര ഗാർഹിക കണക്ഷനുകൾ ലഭ്യമാക്കാനുണ്ടെന്നും ആയതിലേയ്ക്കായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിവരം പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | ജല ജീവൻ മിഷൻ മുഖേന പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ ഗ്രാമ പഞ്ചായത്തുകളിൽ ലഭ്യമാക്കേണ്ടതും ഭരണാനുമതി ലഭിച്ചതുമായ കുടിവെള്ള കണക്ഷനുകളുടെ വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ബി) | പാറശ്ശാല നിയോജകമണ്ഡലത്തിലെ ജലജീവൻ പദ്ധതിയുടെ പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള പുരോഗതിയും പദ്ധതി എന്നേക്ക് പൂർത്തീകരിക്കാനാകും എന്നുള്ള വിവരവും ലഭ്യമാക്കാമോ; | (ബി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ ജല ജീവൻ മിഷൻ പദ്ധതിയുടെ പുരോഗതി പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധം II ആയി ചേർക്കുന്നു. പാറശ്ശാല നിയോജകമണ്ഡലത്തിലെ ജലജീവൻ പ്രവൃത്തികൾ 31.12.2024 ഓട് കൂടി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |
| (സി) | ഈ സർക്കാർ കാലയളവിൽ പാറശ്ശാല നിയോജകമണ്ഡലത്തിൽ കേരള വാട്ടർ അതോറിറ്റി മുഖേന നടപ്പിലാക്കി വരുന്നതും അനുമതി ലഭിച്ചിട്ടുള്ളതുമായ പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അനുവദിച്ച തുകയും പദ്ധതികളുടെ തത്സ്ഥിതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (സി) | പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പഞ്ചായത്തുകളിലെ ജല ജീവൻ മിഷൻ പ്രവൃത്തികളുടെ പ്രവർത്തന പുരോഗതിയും അനുവദിച്ച തുകയും പദ്ധതികളുടെ തത്സ്ഥിതിയും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ അനുബന്ധം-Iഉം അനുബന്ധം-II ഉം ആയി ചേർത്തിട്ടുണ്ട്.<br><br>പാറശ്ശാല നിയോജക മണ്ഡലത്തിൽ KIIFB ധന സഹായത്തോടെ നടപ്പിലാക്കുന്നതും, KIIFBഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കുന്നതുമായ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു.<br><br>പാറശ്ശാല നിയോജക മണ്ഡലത്തിൽ പഞ്ചായത്ത് ഡെപ്പോസിറ്റ് വർക്കായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം-IV ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I

| ക്രമ നമ്പർ | പഞ്ചായത്ത് | ലഭ്യമാക്കേണ്ടുന്ന കണക്ഷനുകളുടെ എണ്ണം | ഭരണാനുമതി തുക (ലക്ഷം) |
|---|---|---|---|
| 1 | അമ്പൂരി | 5179 | 3065.73 |
| 2 | ആര്യങ്കോട് | 6645 | 3849.80 |
| 3 | കള്ളിക്കാട് | 3994 | 1803.51 |
| 4 | കൊല്ലയിൽ | 8637 | 4953.79 |
| 5 | കുന്നത്തുകാൽ | 11087 | 3471.18 |
| 6 | ഒറ്റശേഖരമംഗലം | 5853 | 2331.46 |
| 7 | പാറശ്ശാല | 14827 | 7970.28 |
| 8 | പെരുങ്കടവിള | 6138 | 4716.44 |
| 9 | വെള്ളറട | 10947 | 3361.45 |
| **ആകെ** | | **73307** | **35523.64** |

## അനുബന്ധം II

| ക്രമ നമ്പർ | പഞ്ചായത്ത് | ആകെ ഗ്രാമീണ വീടുകൾ | ജല ജീവൻ മിഷന മുൻപ് ഉണ്ടായിരുന്ന കണക്ഷൻ | JJM തുടങ്ങിയ ശേഷം നൽകിയ കണക്ഷൻ (08.06.2024 വരെ) | നിലവിൽ മൊത്തം കണക്ഷൻ |
|---|---|---|---|---|---|
| 1 | അമ്പൂരി | 5990 | 811 | 2783 | 3594 |
| 2 | ആര്യങ്കോട് | 7918 | 1240 | 6 | 1246 |
| 3 | കള്ളിക്കാട് | 4726 | 706 | 3339 | 4045 |
| 4 | കൊല്ലയിൽ | 9157 | 520 | 4787 | 5307 |
| 5 | കുന്നത്തുകാൽ | 10577 | 2487 | 7310 | 9797 |
| 6 | ഒറ്റശേഖരമംഗലം | 5853 | 842 | 2521 | 3363 |
| 7 | പാറശ്ശാല | 18703 | 3876 | 3748 | 7624 |
| 8 | പെരുങ്കടവിള | 7894 | 3455 | 2032 | 5487 |
| 9 | വെള്ളറട | 11967 | 1552 | 6364 | 7916 |
| **ആകെ** | | **82785** | **15489** | **32890** | **48379** |